(സി) അസംബ്ലി നിയോജക മണ്ഡലങ്ങളിൽ എം.എൽ.എ മാരുടെ വികസന ഫണ്ട്, എസ്.എസ്.എ., ആർ.എം.എസ്.എ, സ്പോൺസർഷിപ്പ്, സന്നദ്ധസംഘടനകൾ എന്നീ ധനസ്രോതസ്സുകൾ ആണ് സമഗ്ര വിദ്യാഭ്യാസ പദ്ധതിക്കായി വിനിയോഗിക്കുന്നത്. എം.എൽ.എ.മാരുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 56 നിയോജക മണ്ഡലങ്ങളിൽ പദ്ധതി നടപ്പിലാക്കിവരുന്നു. ബാക്കിയുള്ള നിയോജക മണ്ഡലങ്ങളിലെ എം.എൽ.എ.മാർ ശിപാർശ ചെയ്യുന്ന മുറക്ക് പ്രസ്തുത മണ്ഡലങ്ങളിൽ പദ്ധതി നടപ്പിലാക്കാവുന്നതാണ്.

സേഫ്റ്റി കോറിഡോർ പദ്ധതി

20(*260) ശ്രീ. വി. ശശി :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സേഫ്റ്റി കോറിഡോർ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രത്യേകതകളും എന്തെല്ലാം ;

(ബി) ഈ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിയുടെ മൊത്തം അടങ്കൽ തുക എത്ര ; എത്ര കാലം കൊണ്ട് പൂർത്തിയാകും, ആദ്യ ഘട്ടം ആരംഭിക്കുന്നതെവിടെയാണെന്ന് വെളിപ്പെടുത്തുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ,

(എ) ഉദ്ദേശിക്കുന്നുണ്ട്.

പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ

1. ലോകോത്തര നിലവാരമുള്ള ഒരു മാതൃകാ സുരക്ഷാ റോഡായി കഴക്കൂട്ടം മുതൽ എം.സി റോഡിൽ തൈക്കാട് വഴി അടൂർ വരെയുള്ള 80 കി.മീ. റോഡിനെ മാറ്റുക.
2. ഈ പദ്ധതിയോടനുബന്ധിച്ച് സംസ്ഥാനത്ത് റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ ബന്ധപ്പെട്ട വിവിധ സർക്കാർ ഏജൻസികളിലെ (ഗതാഗതം, പോലീസ്, വിദ്യാഭ്യാസം, ആരോഗ്യം, പൊതുമരാമത്ത്)

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥർക്ക് സുരക്ഷാ പ്രവർത്തനങ്ങൾ സംബന്ധിച്ച വിദഗ്ധ പരിശീലനം നൽകുകയും അവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുക.

3. റോഡ് സേഫ്റ്റി അതോറിറ്റി, പൊതുമരാമത്ത് വകുപ്പിലെ റോഡ് സേഫ്റ്റി സെൽ, ജില്ലാ റോഡ് സേഫ്റ്റി കൗൺസിലുകൾ മുതലായവയെ ശക്തിപ്പെടുത്തുക.

(ബി) തയ്യാറായിട്ടില്ല. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആദ്യ പടിയായി നാറ്റ്പാക്ക് (NATPAC) ഒരു ബേസ് ലൈൻ സർവ്വേ നടത്തുകയുണ്ടായി. അതിന്റെ വെളിച്ചത്തിൽ വിശദമായ പഠനം നടത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ ലോക ബാങ്ക് മാർഗ്ഗ നിർദ്ദേശ പ്രകാരം അന്തർദേശീയ ദർഘാസ് വിളിച്ച് വിക്കോറിയ റോഡ്സ് എന്ന ആസ്ട്രേലിയ ആസ്ഥാനമായ കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവരുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുവാനുള്ള പ്രവർത്തനങ്ങൾക്കും അവർ തന്നെ നേതൃത്വം നൽകും. 24 കോടിയോളം രൂപ ചലഞ്ച് ഫണ്ടായി മാറ്റി വച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് മറ്റു ഫണ്ടിങ്ങ് ഏജൻസികളുമായി സഹകരിച്ച് കൂടുതൽ റോഡുകളിൽ റോഡ് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാനും പദ്ധതിയുണ്ട്.

(സി) ഇതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ലോക ബാങ്ക് സഹായ പദ്ധതിയായ കെ.എസ്.ടി.പി-രണ്ടിൽ ഉദ്ദേശം 86 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി മൂന്ന് വർഷം കൊണ്ട് പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നടപ്പിലാക്കുവാൻ റോഡു സുരക്ഷാ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അഞ്ചു വകുപ്പുകളിലെ പ്രതിനിധികളെ ഉൾക്കൊള്ളിച്ച് ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കുന്നതിന് ഇവർക്ക് വേണ്ട പരിശീലനം നൽകേണ്ടതുണ്ട്. അവ താഴെപ്പറയുന്നവയാണ്.

1. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് ലോകത്തിലെ മികച്ച പ്രവർത്തന രീതികൾ പകർന്ന് നൽകുക.

2. റോഡ് സേഫ്റ്റി പ്രവൃത്തികളുടെ ലക്ഷ്യ പ്രാപ്തിയെ വിലയിരുത്തുന്നതിന് വേണ്ടിയുള്ള രൂപ രേഖ തയ്യാറാക്കുക.

3. മേൽപ്പറഞ്ഞ വർക്കിംഗ് ഗ്രൂപ്പിന് റോഡ് സുരക്ഷാ സംബന്ധമായ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള കാര്യ പ്രാപ്തി ഉണ്ടാക്കുന്നതിന് സംസ്ഥാനത്തിന് ഒരു റോഡ് സുരക്ഷാ നയം രൂപീകരിക്കുക.

807/2017

LIBRARY ARCHIVES Kerala Legislative Assembly

4. സേഫ്റ്റി കോറിഡോർ പദ്ധതിയിൽ നിന്നും ഉൾക്കൊണ്ട അനുകരണീയമായ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ മറ്റ് റോഡുകളിലേയ്ക്ക് വ്യാപിപ്പിക്കുക.

5. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളേയും ബോധവൽക്കരിക്കുകയും, വേണ്ട പ്രചോദനം നൽകുകയും അവരെ നയിക്കുകയും ചെയ്യുക.

പുഴകളുടെ പുനരുജ്ജീവനം

21(*261) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുഴകളുടെ പുനരുജ്ജീവനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി നടത്തുന്നത് ;

(ഡി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ,

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന നദികളുടെ സംരക്ഷണത്തിനായി "പുഴ മുതൽ പുഴ വരെ" എന്ന ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളതാണ്. ടി പദ്ധതി മുഖേന നദികളുടെ തീരങ്ങളിൽ ഫലവൃക്ഷങ്ങൾ, പൂമരങ്ങൾ, വള്ളിച്ചെടികൾ എന്നിവ നട്ടുവളർത്തി പരിപാലിച്ച് നദീതീരങ്ങളെയും നദികളെയും സംരക്ഷിക്കുക, അനധികൃത മണൽ വാരൽ, അനധികൃത കയ്യേറ്റം എന്നിവ തടഞ്ഞ് നദികളിൽ അടിഞ്ഞു കൂടിയ മാലിന്യം നിക്കം ചെയ്യും നദികളിലെ ജൈവ-ഭൗതിക വ്യവസ്ഥയ്ക്ക് കോട്ടം വരുത്താതെ നീരൊഴുക്ക് സംരക്ഷിക്കുക എന്നതുമാണ് ഉദ്ദേശിക്കുന്നത്. നദീസംരക്ഷണ പദ്ധതികളുമായി ബന്ധപ്പെട്ട് 17-11-2014 ൽ ബഹു. റവന്യൂ വകുപ്പുമന്ത്രിയുടെ ചേംബറിൽ ചേർന്ന യോഗത്തിൽ വരട്ടാർ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് റവന്യൂ റീസർവ്വേ ടീമിലെ ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തി വരട്ടാറിലെ അനധികൃത കയ്യേറ്റങ്ങൾ സർവ്വെ നടത്തി റിപ്പോർട്ട് ചെയ്യുവാൻ പത്തനംതിട്ട ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു

LIBRARY ARCHIVES Kerala Legislative Assembly